പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**അട്ടപ്പാടിയിലെ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1503          05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ എത്ര ആദിവാസി കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് ലഭ്യമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു; എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | തൊഴിൽ ലഭിച്ചവർക്കുള്ള കൂലിയിനത്തിൽ എത്ര രൂപ ഇനിയും വിതരണം ചെയ്യാനുണ്ട് ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ; | (സി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | അട്ടപ്പാടിയിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭ്യമാക്കുന്നതിനും ഇവരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത/സാമൂഹ്യ ആസ്തി |

| | | | |
|---|---|---|---|
| | | | കൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് കാമ്പയിൻ പരിപാടി ('പാര ഫൈവ് കാമ്പയിൻ') സംഘടിപ്പിക്കുകയും വ്യക്തിഗത/സാമൂഹ്യ ആസ്തികളുടെ ആവശ്യകത തിട്ടപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെടുത്തി കർമ്മപദ്ധതി രുപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷം തന്നെ, നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 ദിവസങ്ങൾക്ക് പുറമേ (വനാവകാശം അംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കളായ മറ്റ് സ്വകാര്യ ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രതിവർഷം 150 ദിവസങ്ങൾ വീതം), സംസ്ഥാന ഫണ്ട് വിനിയോഗിച്ച്, അട്ടപ്പാടി ബ്ലോക്കിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും 100 അധിക തൊഴിൽ ദിനങ്ങൾ കൂടി ആവശ്യാധിഷ്ഠിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി നടപ്പ് വർഷം 577.60 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| വർഷം | രജിസ്റ്റർ ചെയ്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം |
|---|---|
| 2011-12 | 4606 |
| 2012-13 | 6610 |
| 2013-14 | 7241 |
| 2014-15 (01/12/2014 വരെ) | 7522 |

അനുബന്ധം 2

| വർഷം | തൊഴിൽ ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭ്യമാക്കിയ തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|---|
| 2011-12 | 3792 | 167505 |
| 2012-13 | 4532 | 283910 |
| 2013-14 | 5061 | 335400 |
| 2014-15 (01/12/2014 വരെ) | 4908 | 190667 |

അനുബന്ധം 3

അട്ടപ്പാടിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ലഭിച്ചവർക്ക് 216.08 ലക്ഷം രൂപ കൂലിയിനത്തിൽ വിതരണം ചെയ്യാനുണ്ട്. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | കൂലികുടിശ്ശിക (ലക്ഷത്തിൽ) (01/12/2014 വരെ) |
|---|---|
| അഗളി | 82.17 |
| പുതൂർ | 65.96 |
| ഷോളയൂർ | 67.94 |
| ആകെ | 216.08 |